15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128 — 09-10-2024 - ൽ മറുപടിയ്ക്ക്

## അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | അലങ്കാര മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2021-22 വർഷം മുതൽ പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഇടത്തരം അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന് യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡി ജനറൽ വിഭാഗത്തിനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 60% സബ്സിഡിയും നൽകി വരുന്നു. നാളിതു വരെ 724 അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) മുഖേന അലങ്കാര മത്സ്യകൃഷി വികസനത്തിനും പ്രോത്സാഹനത്തിനുമായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. അലങ്കാര മത്സ്യ കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നത് മുതൽ വിപണി കണ്ടെത്തുന്നതു വരെയുള്ള സഹായം 'കാവിൽ' മുഖേന നടത്തുന്നു. ഈ വർഷത്തെ പദ്ധതി നടത്തിപ്പിനായി 1 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | അലങ്കാരമത്സ്യത്തിന്റെ വിപണനം പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) അലങ്കാര മത്സ്യത്തിന്റെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ തിങ്കളാഴ്ച്ചകളിലും ബയർ സെല്ലർ മീറ്റ് സംഘടിപ്പിക്കുന്നുണ്ട്. ബയർ സെല്ലർ മീറ്റ് വഴി അലങ്കാര മത്സ്യ കർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ന്യായമായ വിലയ്ക്ക് വിൽപ്പന |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനും ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് അത് വാങ്ങുന്നതിനും സാധിക്കുന്നുണ്ട്. ബയർ സെല്ലർ മീറ്റിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അവരുടെ വില പ്രകാരം മത്സ്യങ്ങൾ വിൽക്കാവുന്നതാണ്. |
| (സി) | കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കേരള അക്വാവെഞ്ചേഴ്സ് ഇൻറ്റർനാഷണൽ ലിമിറ്റഡ് (കാവിൽ) നെ പുനരുജ്ജിവിപ്പിക്കുന്നതിനു 2024-26 വർഷത്തേയ്ക്ക് കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ. പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ 545 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതി കാവിൽ (KAVIL) തയ്യാറാക്കി ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ 450 ലക്ഷം രൂപ സ്ഥിര ആസ്തി വികസനത്തിനും 95 ലക്ഷം രൂപ പ്രവർത്തന മൂലധനമായും വകയിരുത്തിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു വഴി കാവിലിനു 639.9 ലക്ഷം രൂപയുടെ വരുമാനം കണക്കാക്കുന്നു. |
| (ഡി) | അലങ്കാരമത്സ്യ കർഷകരുടെ എഫ്.പി.ഒ. രൂപീകരിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ;? | (ഡി) | അലങ്കാരമത്സ്യ കർഷകരുടെ 'ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ' (FPO) രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ